# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എളവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.4)1357/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എളവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.4)1357/2023 തീയ്യതി: 06/10/2023

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2023 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പി. വി ബേബി, ഓഡിറ്റ് ഓഫീസർ
ശ്രീമതി മീര റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ ഡോമിനിക്, ഓഡിറ്റർ
ശ്രീ. സ്വാലിഹ് സി. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിയോ ഫോക്സ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| തോമാസ് അലിയാസ് രാജൻ | സെക്രട്ടറി | 01-04-2022 | 06-10-2022 |
| തോമസ് എ. എൽ | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. ജയചന്ദ്രൻ | അസി. സെക്രട്ടറി | 01-04-2022 | 30-09-2022 |
| രശ്മി സി. എസ് | അസി. സെക്രട്ടറി | 01-10-2022 | 11-01-2023 |
| മാത്യൂ ആൻഡ്രൂസ് | അസി. സെക്രട്ടറി | 12-01-2023 | 31-03-2023 |
| പ്രശാന്ത് അരവിന്ദ്കുമാർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ബാബു കെ പോൾ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. അജിത് കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സജീന്ദ്രമോഹൻ കെ | പ്രധാന അദ്ധ്യാപകൻ | 01-04-2022 | 31-03-2023 |
| മീര മോഹനൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ബൈജു വിൻസന്റ് | വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ) | 01-04-2022 | 07-06-2022 |
| ഹരി കെ. എ | വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ) ഇൻ ചാർജ്ജ് | 08-06-2022 | 14-06-2022 |
| പ്രവീൺകുമാർ എൻ | വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ) | 15-06-2022 | 11-11-2022 |
| ഹരി കെ. എ | വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ) ഇൻ ചാർജ്ജ് | 12-11-2022 | 31-03-2023 |
| ഹരി കെ. എ | വി.ഇ.ഒ (വാക സർക്കിൾ) | 01-04-2022 | 31-03-2023 |
| മോനിഷ എം. എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 19-01-2023 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-01-2023 | 31-03-2023 |
| ഡോ. ചിന്ത കെ. പി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഹസീന കെ. എ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ഡോ. ദിവ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ചെക്ക് നിക്ഷേപിച്ചു - ബാങ്കി**ൽ** ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | ബാങ്ക് റീക**ൺ**സിലിയേഷ**ൻ** പത്രികയിലും വാ**ർ**ഷിക കണക്കിലെ ബാല**ൻ**സ് ഷീറ്റിലും ബാങ്ക് നീക്കിയിരുപ്പ് തുക തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീ**ർ**ഷകത്തി**ൽ** ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-10 |
| 12 | ക്രമറ്റോറിയം ഫീസ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-11 |
| 13 | മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല/ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാ**ൻ** സാധിച്ചിട്ടില്ല | 1-1-13 |
| 15 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി | 1-1-15 |
| 17 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-16 |
| 18 | വസ്തു നികുതി മു**ൻ**കൂ**ർ** - തുക സാങ്കല്പികമായി വ**ർ**ദ്ധിപ്പിച്ചു- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | “190000000-Prior Period Income”-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ | 1-1-18 |

| | | |
|---|---|---|
| | വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | |
| 20 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല | 1-1-20 |
| 22 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-21 |
| 23 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-23 |
| 25 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല | 1-1-24 |
| 26 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഫണ്ട് വിനിയോഗം | 1-3 |
| 29 | പദ്ധതി അവലോകനം | 1-4 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 31 | ക്ഷേമപെൻഷനുകൾ | 1-6 |
| 32 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 34 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം | 1-9 |
| 35 | തൊഴിൽ നികുതി-അപാകങ്ങൾ | 1-10 |
| 36 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 37 | കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-12 |
| 38 | ലേലനടപടികൾ കൈക്കൊള്ളേണ്ടതാണ് | 1-13 |
| 39 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-14 |
| 40 | അടിസ്ഥാന വസ്തുനികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി | 1-15 |
| 41 | ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണ്ണയം നടത്തി | 1-16 |
| 42 | ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി | 1-17 |
| 43 | വനിതകൾക്ക് ജിംനേഷ്യം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 44 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 45 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-20 |
| 46 | പഞ്ചായത്ത് വിഹിതം കൈമാറിയത്- വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-21 |
| 47 | ജെം മുഖേന വാങ്ങൽ നടത്തിയിട്ടില്ല | 1-22 |
| 48 | കുടുംബശ്രീ ഹെൽപ് ഡെസ്ക്-പ്രവർത്തന സജ്ജമായിട്ടില്ല | 1-23 |

| | | |
|---|---|---|
| 49 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 50 | ഡെപ്പോസിറ്റ് വർക്കിന് തുക വീണ്ടും അനുവദിച്ചു - പണി എന്നിട്ടും പൂർത്തികരിച്ചില്ല | 1-25 |
| 51 | വിവിധ ഉദ്ദേശ്യങ്ങൾക്കായി വനിത വ്യവസായ യൂണിറ്റ് ഷെഡ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-26 |
| 52 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-27 |
| 53 | പകൽ വീട് പ്രവർത്തനമില്ലാതെ അടഞ്ഞ് കിടക്കുന്നു | 1-28 |
| 54 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി- വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടില്ല | 1-29 |
| 55 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-30 |
| 56 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം | 1-31 |
| 57 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എളവള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.07.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എളവള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:തൃശ്ശൂർ

തീയതി:06.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7992545 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28936882 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 10/12.8.2023)

### 1-1-3 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

SBI, E-Pay (37127161814) അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 26233/- രൂപ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 8231/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-4 ബാങ്ക് റീകൺസിലിയേഷൻ പത്രികയിലും വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലും ബാങ്ക് നീക്കിയിരുപ്പ് തുക തെറ്റായി രേഖപ്പെടുത്തി

450210101 – HDFC Bank (50100249391438), 450210101 – HDFC Bank(50100264607710) എന്നീ ബാങ്ക് അക്കൗണ്ടുകളിലെ 31.3.2023 ലെ ബാലൻസ് പാസ് ബുക്ക് പ്രകാരം യഥാക്രമം 1109.6, 24076.6 രൂപയാണ്. എന്നാൽ രണ്ട് ബാങ്കുകളുടെയും റീകൺസിലിയേഷൻ പത്രികകകളിൽ ബാങ്ക് ബുക്കിലെയും പാസ് ബുക്കിലെയും ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുള്ളത് യഥാക്രമം 1117, 24254 രൂപയാണ്. ഈ തുകകൾ തന്നെയാണ് 2022-23 വർഷത്തെ വാർഷികകണക്കിൽ ഈ ബാങ്കുകളിലെ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. 1.4.2023 തീയതിയിൽ രണ്ട് ബാങ്ക് അക്കൗണ്ടുകളിലും ക്രെഡിറ്റ് ആയ പലിശ തുകകകൾ (യഥാക്രമം 8, 178 രൂപ)ഉൾപ്പെടുത്തിയത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. 31.3.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റിൽ 1.4.2023 തീയതിയിൽ ക്രെഡിറ്റ് ആയ തുക ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant, CFC Tied Grant എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 67/23 5 സെന്റ് കോളനി | XVFC/2022-23/P/33 3.8.2022 | 82773 | 251120102 – Public Drinking | ഉചിതമായ ആസ്തി ശീർഷകം. |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി വാർഡ് 8 | | | Water Programmes-Maintenance Of Public Well | |
| 2 | 57/23 മിച്ചഭൂമി കുളം സംരക്ഷണം | XVFC/2022-23/P/40 5.9.2022 | 424617 | 250102015 – Irrigation-Others-Maintenance Of Ponds For Irrigation | ഉചിതമായ ആസ്തി ശീർഷകം |
| 3 | 57/23 മിച്ചഭൂമി കുളം സംരക്ഷണം | XVFC/2022-23/P/49 8.12.2022 | 190990 | 250102015 – Irrigation-Others-Maintenance Of Ponds For Irrigation | ഉചിതമായ ആസ്തി ശീർഷകം |
| 4 | 21/23 ബ്രഹ്മകുളം ലക്ഷംവീട് കോളനി കുളം സംരക്ഷണം | XVFC/2022-23/P/79 25.3.2023 | 522957 | 250102406 – Environment - Water Conservation And Fish Farming Through Protection Of Canals And Ponds | ഉചിതമായ ആസ്തി ശീർഷകം |
| 5 | 21/23 ബ്രഹ്മകുളം ലക്ഷംവീട് കോളനി കുളം സംരക്ഷണം | XVFC/2022-23/P/81 25.3.2023 | 491412 | 250102406 – Environment - Water Conservation And Fish Farming Through Protection Of Canals And Ponds | ഉചിതമായ ആസ്തി ശീർഷകം |
| 6 | 65/23 വിളക്കത്തല കുടിവെള്ള പദ്ധതി വാർഡ് 9 | XVFC/2022-23/P/84 27.3.2023 | 32840 | 251120104 – Public Drinking Water Programmes-Maintenance Of Public Drinking | ഉചിതമായ ആസ്തി ശീർഷകം |

| | | | | | |
|---|---|---|---|---|---|
| | | | | Water Projects | |
| 7 | 67/23 5 സെന്റ് കോളനി കുടിവെള്ള പദ്ധതി വാർഡ് 8 | XVFC/2022-23/P/83 27.3.2023 | 26951 | 251120104 – Public Drinking Water Programmes-Maintenance Of Public Drinking Water Projects | ഉചിതമായ ആസ്തി ശീർഷകം |
| 8 | 4/23 ക്രെമറ്റോറിയം ചേമ്പറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ | XVFC/2022-23/P/36 2.9.2022 | 866800 | 251130301 – Cremetorium-Maintenance Of Public Crematorium | ഉചിതമായ ആസ്തി ശീർഷകം |
| 9 | 208/23 ക്രെമറ്റോറിയം കെട്ടിടം അറ്റകുറ്റപ്പണി | XVFC/2022-23/P/64 7.3.2023 | 161044 | 251130301 – Cremetorium-Maintenance Of Public Crematorium | ഉചിതമായ ആസ്തി ശീർഷകം |
| 10 | 21/23 ബ്രഹ്മകുളം ലക്ഷംവീട് കോളനി കുളം സംരക്ഷണം | XVFC/2022-23/P/86 29.3.2023 | 122486 | 250102406 – Environment - Water Conservation And Fish Farming Through Protection Of Canals And Ponds | ഉചിതമായ ആസ്തി ശീർഷകം |
| 11 | 68/23 ആലിക്കൽ കുളം | XVFC/2022-23/P/34 21.8.2022 | 166300 | 250102015 – Irrigation-Others-Maintenance Of Ponds For Irrigation | ഉചിതമായ ആസ്തി ശീർഷകം |
| 12 | 24/23 പുലിക്കോട്ടിൽ റോഡ് വാർഡ് 2 | XVFC/2022-23/P/60 14.2.2023 | 451864 | 252110004 – Roads-Concretting | ഉചിതമായ ആസ്തി ശീർഷകം |
| 13 | 29/23 | XVFC/2022-23/P/61 | 524056 | 252110004 – | ഉചിതമായ ആസ്തി |

| | | | | | |
|---|---|---|---|---|---|
| | ഉഷസ് അങ്കണവാടി റോഡ് വാർഡ് 16 | 14.2.2023 | | Roads-Concretting | ശീർഷകം |
| 14 | 159/23 മൽസ്യ മാർക്കറ്റിൽ ഗേറ്റ് സ്ഥാപിക്കൽ | XVFC/2022-23/P/88 31.3.2023 | 15548 | 252120101 – Other Buildings-Renovation Of Building | ഉചിതമായ ആസ്തി ശീർഷകം |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution...." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ് (ക്രമ നമ്പർ 4,11 എന്നിവയിലെ പ്രവൃത്തികളുടെ തുക Capital Contribution ലേക്ക് മാറ്റിയിട്ടുള്ളതിനാൽ പ്രസ്തുത തുകകൾ "Capital Contribution...." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതില്ല).

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-6 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2953184 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2946949<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-7 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1565483 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1565172<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-8 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 30079 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 0<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2023 ലെ 42101466 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-9 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 231003 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 230978 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 233583 രൂപയാണ് (വൗച്ചർ 42101473 തീ. 31.3.2023 (150845 + 1528 + 81210 = 233583)

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-10 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 6235 | 239808 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 311 | 397872 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-11 ക്രമറ്റോറിയം ഫീസ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക I-4 | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം RP-4 | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| 140500207 – Crematorium Fees | 847000 | 850000 | 847000 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-12 മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല/ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 381200 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Entrepreneurs And Other Services | 189300 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

### 1-1-13 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-14 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ 203 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-15 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള | 130100101-Rent From | 1825000 | 22.11.2022 | 42200712 |

| | | | | | |
|---|---|---|---|---|---|
| | വാടക | Building | | | |
| 2. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക -ഡിമാന്റ് കുറവ് ചെയ്യൽ | 130100101-Rent From Building | 61661 | 31.03.2023 | 42201519 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-16 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-17 വസ്തു നികുതി മുൻകൂർ - തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

1. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items”എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2022-23 ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On | 1271 | 12876 |

| | | | |
|---|---|---|---|
| | Residential Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 4241 | 43699 |

2. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 51013 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും 190100101- Prior Period Income-Property Tax എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42101471 | 31.3.2023 | 11555 |

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42101472 | 31.3.2023 | 39458 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-18 "190000000-Prior Period Income"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | -20934 |
| 190200401-Prior Period Income - Other Incomes | 19350 (400 രൂപ ജേണൽ വൗച്ചർ മുഖേനയാണ് വരുമാനമായി ക്രമീകരിച്ചിട്ടുള്ളത്) |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-19 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6. വാടക ഡിമാൻഡ് രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-20 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-21 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

1. 2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 694708 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

1-1-22 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 2781899 | 450240161 | Union Bank Of India-(565102010025321) | 5721703 |
| | 320200113 | Development Fund - Central Finance Commission Grant -Tied Fund | 2804197<br>ആകെ : 5586096 | | | |
| 2 | 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 217637 | 450240103 | Union Bank Of India -(565102010026052) | 217607 |
| 3 | 320100202 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 4016 | 450210101 | CANARA BANK Health Grant Diagonostic Infrastructure-(110043926108) | 102776 |

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-23 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | HDFC BANK-(50100249391438) | 1117 |
| 2 | 450210101 | CANARA BANK – (1461201000210) | 948.78 |
| 3 | 450270001 | UNION BANK OF INDIA-(565102010026023) | 85842 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-24 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല

വ്യത്യസ്ത ഗ്രാന്റുകളുടെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ലെഡ്ജർ പ്രകാരം ചെയ്ത മൂലധന പ്രവൃത്തികളുടെ ആകെ തുക | ലെഡ്ജർ പ്രകാരം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 6576667 | 5084315 | 1492352 |
| 2 | മെയിന്റനൻസ് ഫണ്ട്- റോഡ് | 3639669 | 2533830 | 1105839 |

2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-1-25 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 148583715 |
| ആകെ ചെലവ് (B) | | 129347185 |
| മിച്ചം തുക C= A-B | | 19236530 |
| Prior Period Income (I-19) | 426465 | |
| Prior Period Expenditure (I-18) | -17192 | |

| | | |
|---|---|---|
| Net Difference Between Prior Period Income And Expenses ( D ) | | 443657 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | 19680187 |

എന്നാൽ ഫോർമുല പ്രകാരം (I-18)- (I-19) എന്നും (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D= -409273 എന്നും E എന്നത് 19236530 ൽ നിന്നും -409273 കുറച്ചപ്പോൾ ലഭിച്ച 19645803 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 19680187 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -3426024.87 |
| കൂട്ടക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 19680187 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 16254162.13 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 426465 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)
(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.8.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 23.03.2022 | തീരു നം. 1 | 308150000 | 318682500 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 22.03.2023 | തീരു നം. 1 | 242696700 | 256063000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 28756000 | 28756000 | 25783646 | 2972354 |
| വികസനഫണ്ട്-എസ് സി പി | 0 | 4295000 | 4295000 | 3983730 | 311270 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 0 | 20213000 | 20213000 | 5347556 | 14865444 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്-നോൺറോഡ് | | 0 | 5108000 | 5108000 | 3662615 | 1445385 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | ബാങ്ക് | 1418634 | 4875000 | 6293634 | 3489437 | 2804197 |
| | ട്രഷറി | 0 | 332403 | 332403 | 283529 | 48874 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ബേസിക് | ബാങ്ക് | 1821977 | 3420799 | 5242776 | 2460877 | 2781899 |
| | ട്രഷറി | 0 | 15913 | 15913 | 15913 | 0 |
| SBM | | 0 | 579801 | 579801 | 579801 | 0 |
| TSC | | 96645 | 0 | 96645 | 0 | 96645 |
| HEALTH GRANT (DIAGNOSTIC) | | 0 | 297035 | 297035 | 293019 | 4016 |
| HEALTH GRANT (WELLNESS) | | 0 | 162284 | 162284 | 160000 | 2284 |
| ICDS | | 64602 | 953526 | 1018128 | 298601 | 719527 |
| NHM | | 0 | 450000 | 450000 | 0 | 450000 |
| NRHM | | 0 | 459319 | 459319 | 459319 | 0 |
| Other Schemes | | 128133 | 0 | 128133 | 0 | 128133 |
| RGPSA | | 0 | 1237463 | 1237463 | 1237463 | 0 |
| RURAL- HOUSING FOR ALL | | 100000 | 0 | 100000 | 100000 | 0 |
| JALANIDHI | | 1597598 | 44461 | 1642059 | 0 | 1642059 |
| Other Government Agencies | | 211553 | 6084 | 217637 | 0 | 217637 |

കുറിപ്പ് – 1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 241 | 192926299 | 157 | 69494259 | 36.02 | 65.15 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.40 | 944395 | 944395.40 | 944395 | 0.40 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽകോസ്റ്റ് | 0 | 18514733 | 18514733 | 18514733 | 0 |
| ആകെ | 0.40 | 19459128 | 19459128.40 | 19459128 | 0.40 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,770,000 | 319 |
| വിധവാ പെൻഷൻ | 13,166,000 | 1191 |
| വാർദ്ധക്യകാല പെൻഷൻ | 30,563,000 | 2941 |
| വികലാംഗ പെൻഷൻ | 3,357,600 | 315 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,556,200 | 142 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120,000 | 4 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 തീയതിയിൽ 4 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20600/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നികുതികളും ഫീസുകളും 100% പിരിച്ചെടുത്തതിന് ക്ലാർക്ക്മാർക്ക് റിവാർഡ് ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. (22.07.2022 ലെ തീരുമാനം നം.(3)).

2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പിരിവ് പുരോഗതി ഇടയ്ക്കിടെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി

വിലയിരുത്തുന്നുണ്ട്.

സെപ്റ്റംബർ മാസത്തിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് (10.08.2022 ലെ തീരുമാനം നം.(2)).

ഒക്ടോബർ, നവംബർ മാസങ്ങളിൽ കുടുംബശ്രീ പ്രവർത്തകർ മുഖാന്തരം ഡിമാൻഡ് നോട്ടീസ് വിതരണം ചെയ്യുന്നതിനും ആയതിനുശേഷം ക്യാമ്പ് കളക്ഷൻ നടത്തുന്നതിനും പഞ്ചായത്ത് കമ്മിറ്റിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. (29.09.2022 ലെ തീരുമാനം നം.(1)).

തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ, നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള പ്രചരണമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. വസ്തുനികുതി ക്യാമ്പ് കളക്ഷൻ നോട്ടീസ് 5000 എണ്ണം പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്.
വസ്തു നികുതി, തൊഴിൽ നികുതി, വ്യാപാര ലൈസൻസ് മുതലായ തനത് വരുമാനങ്ങൾ 100% പിരിച്ചെടുത്തിട്ടുള്ളതാണ്.

റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കുടിശിക വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നികുതി കുടിശ്ശിക ഇല്ലാത്തതിനാൽ കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കുന്നുണ്ട്. നികുതി വരുമാനം 100% കൈവരിക്കുന്നതുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതിയിൽ ചർച്ചചെയ്യുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം ഗ്രാമസഭകളിൽ നടത്തുന്നുണ്ട്. വാർഷികകണക്കുകളുടെ അംഗീകാരം ഗ്രാമസഭകളിൽ ലഭ്യമാക്കുന്നുണ്ട്.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി-നികുതിയിതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2810330 | 2959775 | 5.32 | 203 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1516871 | 1630238 | 7.47 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 714800 | 787300 | 10.14 | |
| തൊഴിൽ നികുതി - ജീവനക്കാർ | 833600 | 964676 | 15.72 | |
| വാടക | 1747104 | 1763339 | 0.92 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽഎസ്ജിഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ താത്ക്കാലികമായി നിശ്ചയിച്ച് ഭരണസമിതിയുടെ 02.05.2023ലെ 2(1) നമ്പർ തീരുമാനപ്രകാരം

അംഗീകരിച്ചിട്ടുള്ളതാണ്. കരട് വിജ്ഞാപനം പഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ്, ന്യൂസ്പേപ്പർ, ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും ആയതിൻമേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. 30 ദിവസം കഴിഞ്ഞ് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കാത്തതിനാൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 30.6.2023 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് അനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ 5% വർദ്ധനവ് 01.04.2023 തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും സഞ്ചയയിൽ അപ്ഡേഷൻ വന്നിട്ടുള്ളതാണ്. എന്നാൽ അടിസ്ഥാന നിരക്കിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനായി സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വന്നിട്ടില്ല. ആയതിനാൽ മറ്റു തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിലെ 89/22 ആസ്തികളുടെ ഡിജിറ്റലൈസേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുള്ളതാണ്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശന പ്രകാരവും അപേക്ഷ ലഭിക്കുന്നതിൽ നിയമാനുസൃതമല്ല എന്ന് കണ്ടെത്തുമായി നിർമാണങ്ങൾക്ക് അനധികൃത നിർമ്മാണത്തിനുള്ള നികുതി ഈടാക്കി വരുന്നതും അനധികൃത കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതും അനധികൃത നിർമാണങ്ങൾക്കുള്ള രജിസ്റ്ററിൽ ചേർത്തു വരുന്നതുമാണ്.

സ്വകാര്യ ഹോസ്റ്റൽ/ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, എം.എസ്.എം.ഇ. വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേകൾ തുടങ്ങിയ കെട്ടിടങ്ങൾ സംബന്ധിച്ച് എസ്.ആർ.ഒ.നം. 100/2015 (സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ തീ.24.02.2015), സ.ഉ.(അ)നം.53/ 2020/ത.സ്വ.ഭ.വ തീ. 8.9.2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച സർക്കുലർ നമ്പർ RD3/94/2020/ത.സ്വ.ഭ.വ തീ.02.02.2022 പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾക്ക്) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളില്ല.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

വിനോദനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകളില്ല. ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയൊന്നും നിലവിൽ പഞ്ചായത്തിൽ ഇല്ല.

ലേലം, വാടക, ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം തുടങ്ങിയവ

മരങ്ങളുടെ ലേലം, മത്സ്യ ലേലം മുതലായവ നല്ല രീതിയിൽ നടക്കുന്നുണ്ട്. ലേലം ചെയ്യാൻ അവശേഷിക്കുന്നവ തുടർന്നും കാര്യക്ഷമമായി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
വനിത കയർ ഉൽപാദക യൂണിറ്റ് കെട്ടിടം, പകൽവീട് എന്നിവ നിലവിൽ നിഷ്ക്രിയ ആസ്തിയായി പരിഗണിക്കാവുന്നതാണ്. ആയത് എത്രയും വേഗം പ്രവർത്തനയോഗ്യമാക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി-അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്, എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
A) ചിറയത്ത് ഫിനാൻസ്
B) നാഷണൽ ട്രേഡേഴ്സ്, ചിറ്റാട്ടുകര

2. വിദ്യാ വിഹാർ സെൻട്രൽ സ്കൂളിലെ താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
A) പ്രസ്സി ബൈജു
B) ലുബിന നവീൻ
C) അഞ്ജലി എസ് കുമാർ
D) ശ്രീലക്ഷ്മി മുരളീധരൻ
E) സുലഭ എ
F) രജിത ഒ. പി

3. താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| സ്ഥാപനം | ജീവനക്കാരൻ | കാലയളവ് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| വിദ്യാ വിഹാർ സെൻട്രൽ സ്കൂൾ | ഷക്കീറ കെ. എ | ഒന്നാം അർദ്ധവർഷം | 88200 | 600 | 750 | 150 |
| കാത്തലിക് സിറിയൻ ബാങ്ക് | സ്വാതി എം. ഡി | ഒന്നാം അർദ്ധവർഷം | 200000 | 1000 | 1250 | 250 |
| കാത്തലിക് സിറിയൻ ബാങ്ക് | ലിജിൻ സെബി | ഒന്നാം അർദ്ധവർഷം | 200000 | 1000 | 1250 | 250 |

കുറവായി വന്ന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

4. താഴെ കൊടുത്തിട്ടുള്ള സ്ഥാപനം 2022-23 ൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
A) കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് -രണ്ടാം അർദ്ധവർഷം

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 30/11.8.2023)

## 1-11 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജെൻസൺ എ. വി
2. അരുൺ സി. ആർ
3. പ്രസന്നൻ കെ. വി
4. ജയേഷ് കെ. കെ
5. സത്യജിത്ത് ഇ. കെ
6. പി കെ ചന്ദ്രൻ
7. ജോൺ കെ. വി
8. ബിഷോയ് കെ. ആർ
9. ജ്യോതി ബസ് എം. ബി
10. പ്രകാശൻ ടി. ഡി
11. ജെൻസൺ എ. ജെ
12. ജോഷി ടി ആന്റണി
13. ആന്റണി ടി ജോഷി
14. ജംഷിദ് ടി. എച്ച്
15. സുരേഷ് കെ. എസ്
16. ജോഷി സി. എ
17. രതീഷ് പി. ബി
18. സെബിൻ ജോസഫ്

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 13/10-08-2023)

## 1-12 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വനിതാ വ്യവസായ എസ്റ്റേറ്റ്, പൂവത്തൂർ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് എന്നീ കെട്ടിടങ്ങളിലായി യഥാക്രമം 6 , 16 എന്നിങ്ങനെ 22 കടമുറികൾ ഗ്രാമപഞ്ചായത്തിനുണ്ട്.
താഴെക്കൊടുത്തിരിക്കുന്ന തുകകൾ 2022-23 വർഷത്തിൽ കടമുറികളുടെ വാടക കുടിശ്ശികയായി വന്നിട്ടുള്ളതാണ്.

| ക്രമ നം. | വാടകക്കാരുടെ പേര് | കുടിശ്ശിക | |
|---|---|---|---|
| | മുൻവർഷങ്ങളിലെ വാടക കുടിശ്ശിക | | |

| | | | |
|---|---|---|---|
| 1 | അഭിനി ശശി (RRC-2019/3791/08 Dtd 29.3.2019) | 119305 | |
| 2 | അമീർ ഹസൻ (RRC 2021/80/08 Dated 07.01.2001) | 48900 | |
| 3 | ഫവാസ് (RRC 2022/3580/dtd 31.03.2022) | 62755 | |
| | | | 230960 |
| | 2022-23 വർഷത്തെ വാടക കുടിശ്ശിക | | |
| 1 | ഷാജി തിണ്ടിയത്ത് 13/437 L | 9600 | |
| | | | 9600 |
| | ആകെ | | 240560 |

ഇതിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകയായ 2309606 ഈടാക്കുന്നതിന്, RR നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. 2022-23 വർഷത്തെ കുടിശ്ശിക 9600/- രൂപയാണ്. ശ്രീ. ഷാജി തിണ്ടിയത്തിന്റെ തുക ലഭ്യമാക്കുന്നതിന് വേണ്ടി RR നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് ഓഡിറ്റ് എൻക്വയറി (നം.17/10.08.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലേലനടപടികൾ കൈക്കൊള്ളേണ്ടതാണ്

2022-23 വർഷത്തിൽ ലേലം ചെയ്യാത്ത ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:
1. മരം ലേലം
1.1 പത്താം വാർഡിലെ കർഷക റോഡിലെ അക്വേഷ്യ മരങ്ങൾ -6 എണ്ണം
1.2 വാർഡ് 3 കൊച്ചിൻ ഫ്രണ്ടിയർ തോടിന്റെ കരയിൽ വീണുകിടക്കുന്ന ചെറിയ മുളംകൂട്ടം നാലു മീറ്റർ ഗിർത്ത് – 1 എണ്ണം
1.3 വാർഡ് 10 കൊച്ചിൻ ഫ്രണ്ടിയർ തോടിന്റെ കരയിൽ വീണു കിടക്കുന്ന ചെറിയ മുളംകൂട്ടം 5 മീറ്റർ ഗിർത്ത് – 1 എണ്ണം

2. മത്സ്യ ലേലം
2.1 മണച്ചാൽ പുഴ മത്സ്യ ലേലം
2.2 കുറ്റിക്കാട്ടുപാടം പുറമ്പോക്ക് തോട് മത്സ്യ ലേലം
മേൽ കൊടുത്തിട്ടുള്ളവ ലേലം ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 4 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|
| | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| (1) BRAHMAKULAM | 604 | 2 | 602 | 0 | 602 | 0 | 602 | 2 |
| (8) Manichal | 649 | 0 | 649 | 0 | 649 | 1 | 648 | 1 |
| (9) ELAVALLY | 647 | 1 | 646 | 0 | 646 | 0 | 646 | 1 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.15/10.08.2023)

## 1-15 അടിസ്ഥാന വസ്തുനികുതി നിരക്ക് തെറ്റായി രേഖപ്പെടുത്തി

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 30/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് 50/- രൂപയും, 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 70/- രൂപയുമാണ് എളവള്ളി ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെക്കൊടുത്തിരിക്കുന്ന വാണിജ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Door No. | Owner Name | Area |
|---|---|---|---|
| 1 | 2/74/ | സാജൻ എം ചാക്കോ മാളിയമ്മാക്കൽ | 147.5 |
| 2 | 2/99/ | ജോബി തൈക്കാട്ടിൽ | 187.92 |
| 3 | 2/101/ | ടി. ജെ ജോബി തൈക്കാട്ടിൽ | 140.8 |
| 4 | 2/133/ | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റാട്ടുകര | 112.5 |
| 5 | 2/134/ | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റാട്ടുകര | 112.5 |
| 6 | 2/256/ | കുമാരൻ കുരുമത്തിൽ | 116 |
| 7 | 2/333/ | സി. ഡി സാബു ചിറ്റിലപ്പിള്ളി | 216 |
| 8 | 3/115/ | ജോർജ് മാളിയമ്മാക്കൽ | 153 |
| 9 | 3/206/ | മോഹനൻ കുളിയാട്ട് | 124 |
| 10 | 6/61/ | ഫ്രീസ്റ്റോ കാക്കശ്ശേരി | 107.92 |
| 11 | 6/150/ | സതീദേവി കണ്ണഞ്ചേരി | 140 |
| 12 | 9/369/ | മുസ്ലിം പള്ളിക്കട | 219.12 |
| 13 | 10/516/ | സുലൈമാൻ കുളങ്ങരകത്ത് കോടപ്പറമ്പിൽ | 412 |
| 14 | 12/200/ | മുഹമ്മദ് അഷറഫ് ഒണറക്കാട്ടിൽ | 141.9 |
| 15 | 12/201/ | മുഹമ്മദ് അഷറഫ് ഒണറക്കാട്ടിൽ | 147.6 |
| 16 | 12/226/ | എ. വി മുഹമ്മദ് അമ്പലത്ത്‌വീട്ടിൽ | 1066 |
| 17 | 12/414/ | എസ്.എൻ.ഡി.പി കല്യാണമണ്ഡപം | 286 |
| 18 | 13/214/ | ചെമ്പിൽ വിശ്വനാഥൻ & അദർസ് | 223 |
| 19 | 13/402/ | ഹേമമാലിനി & അദർസ് പിള്ളാട്ടിൽ | 125.98 |
| 20 | 13/415/ | ഹേമമാലിനി & അദർസ് പിള്ളാട്ടിൽ | 142.96 |
| 21 | 13/554/ | ജെയിംസ് ബാബു ചിരിയങ്കണ്ടത്ത് | 110.4 |
| 22 | 13/659/ | ഹംസ ബാബു മുസ്ലിംവീട്ടിൽ കുറ്റിക്കാട്ടിൽ | 120 |
| 23 | 13/700/ | ഫ്രാൻസിസ് ചെമ്മണ്ണൂർ | 396 |
| 24 | 13/733/ | ദേവസി രാജൻ തലക്കുട്ടുകര | 128 |
| 25 | 15/316/ | സെക്രട്ടറി, സി.പി.ഐ.എം ബ്രാഞ്ച് കമ്മിറ്റി ഓഫീസ് | 134.4 |
| 26 | 16/252/A | ബിനു ജോർജ് ബ്രഹ്മകുളം തെക്കത്ത് | 143 |

കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/10.08.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

1-16 ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഒന്ന്, രണ്ട വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | I/24 | മണികണ്ഠൻ ആനേടത്തയിൽ | വിളക്കുപാടം ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 2 | I/25 | ആനന്ദൻ കരുമത്തിൽ | വിളക്കുപാടം ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 3 | I/27 | സ്മിത കൃഷ്ണകുമാർ അരീക്കര | വിളക്കുപാടം ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 4 | I/27A | സുധീഷ് അരീക്കര | വിളക്കുപാടം ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 5 | I/40 | പ്രദീപ് രാധാമന്ദിരം | റെയിൽവേ വിളക്കുപാടം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 6 | I/42 | ഇന്ദിര ബാലൻ പീച്ചിൽവീട്ടിൽ | റെയിൽവേ വിളക്കുപാടം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 7 | I/96 | ധർമ്മൻ അതിരിങ്ങൽ | പാവറട്ടി ചൊവ്വല്ലൂർപടി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 8 | I/98 | ലതേഷ് പട്ടാളി | പാവറട്ടി ചൊവ്വല്ലൂർപടി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 9 | II/101 | ടി.ജെ.ജോബി | ചിറ്റാട്ടുകര പാവറട്ടി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 10 | II/102 | വർഗ്ഗീസ് ചിറ്റിലപ്പിള്ളി | ചിറ്റാട്ടുകര പാവറട്ടി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

വ്യത്യസ്ത മേഖലനിർണയത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി എല്ലാ കെട്ടിടങ്ങളും സ്ഥല പരിശോധന നടത്തി നികുതി പുനഃനിർണ്ണയിക്കുമ്പോൾ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 29/11-08-2023)

## 1-17 ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ 45/2022 തീ. 11.4.2022 മുതൽ 115/22 തീ. 1.9.2022 വരെയുള്ള സട്ടിഫിക്കറ്റുകൾ) സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | അരവിന്ദൻ ടി | 107510201302 | വാർദ്ധക്യ കാല പെൻഷൻ | 15.4.2022 | 53/2022 30.4.2022 | സസ്പെൻഡ് | 5/22 മുതൽ 11/22 വരെ | 1600 | 11200 | 11200 |

ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 27/ 10-08-2023) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തത് മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും

പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. എളവള്ളി ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ മേൽ പരാമർശിച്ച 11200/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ വാങ്ങുന്നവരുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് വാങ്ങുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള മുഴുവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വനിതകൾക്ക് ജിംനേഷ്യം-പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 166/23 വനിതകൾക്ക് ജിംനേഷ്യം |
| അടങ്കൽ<br>വികസന ഫണ്ട്<br>ബ്ലോക്ക് വിഹിതം | 300000<br>200000<br>100000 |
| ചെലവ്<br>വൗച്ചർ നം | 299400<br>200000(42201351/6-3-23)99400(42201474/28-3-23) |
| ഏജൻസി | S&T വെൽകെയർ എക്യുപ്മെന്റ്സ്,കോയമ്പത്തൂർ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വനിതകൾക്ക് ജിംനേഷ്യം ഒരുക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ളതാണ് പദ്ധതി. ജെം മുഖേന S&T വെൽകെയർ എക്യുപ്മെന്റ്സ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും, വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ സൂക്ഷ്മ മേഖല ഫ്രീ സ്റ്റൈൽ ഓപ്പൺ ജിം എന്നാണ് പ്രോജക്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ.ഉ.(കൈ)നം115/22/LSGD/28-5-22 ഖണ്ഡിക 7-7-5 പ്രകാരം ജീവിതശൈലി രോഗങ്ങൾ കുറക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും, കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും പൊതു ഇടങ്ങളിൽ സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ വ്യായാമം ചെയ്യുന്നതിനുമായി ഓപ്പൺ ജിം സ്ഥാപിക്കുന്നതിനാണ് നിർദ്ദേശിക്കുന്നത്. എന്നാൽ പ്രോജക്ട് വനിതകൾക്കുള്ള ജിം എന്ന രീതിയിൽ ആണ് നടപ്പാക്കിയിരിക്കുന്നത്.

2. S&T വെൽകെയർ എക്യുപ്മെന്റ്സുമായി ചമച്ച 2022-3-23 ലെ കരാർ പ്രകാരം (വ്യവസ്ഥ 2)എക്യുപ്മെന്റ്സ് വിതരണം, ചെയ്യുക, പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുക എന്നിവ കമ്പനിയുടെ ഉത്തരവാദിത്വമാണ്. എന്നാൽ ഉപകരണങ്ങൾ സ്ഥാപിച്ച് നാളിതുവരെ ജിം പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ട്രെഡ് മിൽ, സ്പിൻ ബൈക്ക് മുതലായ നിരവധി ഉപകരണങ്ങൾ പാക്കിംഗ് പോലും തുറക്കാതെ പഴയ പഞ്ചായത്ത് ഓഫീസിനു താഴെയുള്ള മുറിയിൽ വെച്ചിരിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടു.

3. ഉപകരണങ്ങൾക്ക് ഒരു വർഷത്തെ വാറന്റിയാണുള്ളത്. ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള സൗകര്യം ഒരുക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

4. സ്ഥാപനവുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/8-8-23) മറുപടിയായി തുടർ പ്രവർത്തനങ്ങൾക്കായി രണ്ട് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയിൽ വിഭാവനം ചെയ്തുപ്രകാരം വനിതകളുടെ ആരോഗ്യ സംരക്ഷണത്തിന് മുതൽക്കൂട്ടാവുന്ന വിധം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,99,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 226/23 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| ഫണ്ട് | വികസനഫണ്ട് |
| വൗച്ചർ നം, തുക | 800000<br>42201304//10-1-23 |
| ഏജൻസി | അനർട്ട് |
| കരാർ | (13/2022-23/9-1-23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിൽ ൽ 10 KWP ശൃംഖല ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ അനർട്ടിനാണ് തുക കൈമാറിയിരിക്കുന്നത്.

അനർട്ട് ലഭ്യമാക്കിയ 863500രൂപയുടെ എസ്റ്റിമേറ്റ് 9.12.22 ലെ 12/1 തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും 9-1-23ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട് (13/2022-23/9-1-23) കരാർ പ്രകാരം (വ്യവസ്ഥ 3) പ്രവൃത്തി പൂർത്തീകരിക്കേണ്ടത് തുക ഡെപ്പോസിറ്റ് ചെയ്ത തിയതി മുതൽ 6 മാസത്തിനുള്ളിലാണ്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കുകയോ പ്ലാന്റ് കമ്മീഷൻ ചെയ്തതായോ ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി4/7-8-23) അനർട്ടിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം കെ.എസ്.ഇ.ബി.യിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ട്, ചെലവ് | വൗച്ചർ | തുക | കൈമാറി നൽകിയ ഏജൻസി |
|---|---|---|---|---|
| 316/23 വാകപ്പുഴയിലെ മൺതിട്ടയും പാറക്കെട്ടും മാറ്റി സ്ഥാപിക്കൽ | വികസന ഫണ്ട് 15,00,000 | 42201444/30-3-23<br>4221446/30-3-23 | 5,70,000<br>9,30,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ്, തൃശ്ശൂർ |
| 248/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | വികസന ഫണ്ട് 12,38,975 | 42201384/17-3-23<br>42201306/10-1-23<br>42201331/13-2-23 | 3,56,392<br>6,48,186<br>2,34,397 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പാവറട്ടി |

വിനിയോഗ വിവരങ്ങൾ, ബന്ധപ്പെട്ട കരാറുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി-6/8-8-23).

## 1-21 പഞ്ചായത്ത് വിഹിതം കൈമാറിയത്- വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസി/വകുപ്പുകൾക്ക് കൈമാറിയ തുകയുടെവിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ട്, ചെലവ് | വൗച്ചർ | തുക | കൈമാറി നൽകിയ ഏജൻസി/ വകുപ്പ് |
|---|---|---|---|---|
| 240/23 സമേതം-ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ | വികസന ഫണ്ട് 96,560 | 42201472/21-3-23 | 96,560 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 102/23 ഐ.കെ.എം വിഹിതം | വികസന ഫണ്ട് 1,03,202 | 42201253/13-9-22<br>42201398/22-3-23 | 72,485<br>30,717 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം, തിരുവനന്തപുരം |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി-7/8-8-23).

## 1-22 ജെം മുഖേന വാങ്ങൽ നടത്തിയിട്ടില്ല

പ്രോജക്റ്റ്-203/23
പഞ്ചായത്ത് ഫ്രണ്ട് ഓഫീസ്, സെർവർ റൂം ശീതീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ഫണ്ട് –തനത് ഫണ്ട്
അടങ്കൽ –3,00,000/-

വൗച്ചർ - 22201055/07.02.2023
തുക –2,67,500

ജി.ഒ.(പി)7/19/എസ്.പി.ഡി. തീയതി26-4-19 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപക്കുമുകളിലുള്ള സാധനങ്ങളും, സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം ജെം ൽ ലഭ്യമല്ലാത്തതിനാലോ, ആയത് ജെം മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ, ആവശ്യകതയോവലരെ പ്രത്യേകതയുള്ളതാണെങ്കിലോ, കാരണം രേഖപ്പെടുത്തിയതിനു ശേഷം,സ്റ്റോർ പർച്ചേയ്സ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിക്കായി അഞ്ച് എയർ കണ്ടീഷണറുകൾ (A/c Voltas 2 Ton 243v Vectra Elite, 3 Star) മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ മാസ്റ്റർ പവർ സിസ്റ്റംസ് മുല്ലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളതായിക്കാണുന്നു. ആയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/10-8-23) തുടർ വർഷങ്ങളിൽ ജെം മുഖേന വാങ്ങൽ നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേയ്സ് മാന്വലിൽ നിഷ്കർഷിക്കുന്ന രീതിയിൽ അല്ലാതെ വാങ്ങൽ നടത്തിയതിനാൽ 2,67,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കുടുംബശ്രീ ഹെൽപ് ഡെസ്ക്-പ്രവർത്തന സജ്ജമായിട്ടില്ല

| പ്രോജക്ട്/അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ട് | ചെലവ് | വൗച്ചർ നം./തുക |
|---|---|---|---|---|
| 206/23 കുടുംബശ്രീ ഹെൽപ് ഡെസ്ക് 1,50,000 (വികസന ഫണ്ട്) 1,31,188 (തനത് ഫണ്ട്) | സെക്രട്ടറി | വികസനഫണ്ട്<br>തനത് | 70932<br>60256 | 42201332/13-2-23<br>22200624/15-9-22 |

ഓൺലൈൻ അപേക്ഷകൾ, കുറഞ്ഞ ചെലവിൽ സമർപ്പിക്കുന്നതിന് കുടുംബശ്രീയുമായി സഹകരിച്ച് ആരംഭിക്കുന്ന ഹെൽപ് ഡെസ്കിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഡെസ്ക്ടോപ്പ് കംമ്പ്യൂട്ടർ, പ്രിന്റർ കം സ്കാനർ എന്നിവ ജെം മുഖേന വാങ്ങിച്ചിട്ടുണ്ട്. 1,31,188 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. തുടർ പ്രവർത്തനങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഹെൽപ്പ് ഡെസ്ക് തുടർപ്രവർത്തനങ്ങൾക്കായി അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 40/24 ഹെൽപ്പ് ഡെസ്ക് അനുബന്ധ സൗകര്യങ്ങൾ എന്ന പ്രോജക്ട് രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഹെൽപ്പ് ഡെസ്ക് പ്രവർത്തന സജ്ജമാകിയ വിവരം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 131188 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി-25/10-8-23)

## 1-24 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻഓഫീസർ (വാക സർക്കിൾ)

1. പ്രോജക്റ്റ് – ലൈഫ് ഭവനം (എസ്.സി.) സംയുക്ത പദ്ധതി

അടങ്കൽ – 1,43,33,000

ചെലവ് – 37,00,000

ലൈഫ് ഭവനം (എസ്.സി.) ഗുണഭോക്താക്കൾക്ക് 400000 രൂപ (40000+160000+100000+100000) ഭവന നിർമ്മാണത്തിനായി നൽകുന്നു. ഇതിൽ ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| സുനിത രാധാകൃഷ്ണൻ, മങ്ങാട്ട് | 40000 | 22-3-23 |
| ലീല,കോങ്ങിൽ, എളവള്ളി | 40000 | 22-3-23 |

2.പ്രോജക്റ്റ്-304/23 ലൈഫ് ഭവനം (എസ്.സി) ജില്ല, ബ്ലോക്ക് വിഹിതം അടങ്കൽ –12,20,000
ചെലവ് –12,20,000

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| രമ്യകൃഷ്ണൻ, ഉമാട്ട് | 40000 | 27-3-23 |
| പ്രീത തിലകൻ, തിപ്പുറത്ത് | 40000 | 27-3-23 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 26/10-8-23).

1-25 ഡെപ്പോസിറ്റ് വർക്കിന് തുക വീണ്ടും അനുവദിച്ചു - പണി എന്നിട്ടും പൂർത്തികരിച്ചില്ല

പ്രോജക്ടിന്റെ പേര് - മൂക്കോല ഡാം അറ്റകുറ്റ പണികൾ

പ്രോജക്ട് നം. – S0112/18. (S0311/23)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

Vr.No.42201371. Dtd.15.3.23. 113531/ -

2017-18 വർഷത്തെ മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി 1.3.2018 ന് 8 ലക്ഷം രൂപ എക്സി. എഞ്ചിനിയർ, ഇറിഗേഷൻ ഡിവിഷൻ തൃശ്ശൂർ എന്നവർക്ക് തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള TSB A/C No.71301140000221 ലേക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. നം.3 -3 പ്രകാരം വിനിയോഗ, പൂർത്തീകരണ, സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 8 ലക്ഷം രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആരും കരാർ ഏറ്റെടുക്കാത്തതിനാലാണ് പ്രവൃത്തി ചെയ്യാതിരുന്നതെന്നും ആയതിനാൽ തുക തിരികെ നല്കാമെന്നും ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ തുക യഥാവിധി തിരികെ നല്കിയില്ല. പിന്നീട് എക്സി. എഞ്ചിനിയറുടെ 25.11.2021 ലെ A12 -2622/2018ാം നമ്പർ കത്ത് പ്രകാരം കരാറുകാരൻ പി.വി. സുരേഷ് മരണപ്പെട്ടതായും അദ്ദേഹം 173531/ - രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എക്സി. എഞ്ചിനിയർ അസി. എഞ്ചിനീയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 626469/-ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാലൻസ് തുകയായ 626469 രൂപയ്ക്ക് പുറമെ ഇനിയും 113513/ - രൂപ കൂടി ആവശ്യമാണെന്ന് എക്സി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 29.8.22.ലെ 12(1) കമ്മിറ്റി തീരുമാന പ്രകാരം മേൽ വൗച്ചർ പ്രകാരം 113513 രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ല്, അളവ് പുസ്തകം, അനുബന്ധമായ മറ്റ് ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് വരെ അധികമായി അനുവദിച്ച 113531/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.21/2023, Dtd. 10.8.23.)

1-26 വിവിധ ഉദ്ദേശ്യങ്ങൾക്കായി വനിത വ്യവസായ യൂണിറ്റ് ഷെഡ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം – S0266/22 (S0069/23)

വികസനഫണ്ട്- 10 ലക്ഷം.

ബ്ലോക്ക് വിഹിതം - 15 ലക്ഷം.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ.

കരാറുകാരൻ - അഷ്ക്കർ അലി

എഗ്രിമെന്റ് നം. - 66/21 -22.dtd. 15.2.22.

അളവ് പുസ്തകം 67/ 21 -22, 9/22 -23.

കരാർ കാലയളവ് - 6 മാസം

Vr.No.42201260.dtd.26.9.22. 912656/ -

Vr.No.42201418.dtd.28.3.23. 314666/ -

2021-22 വർഷത്തിൽ മേൽ പ്രോജക്ടിനായി 1043885/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 1227322/- കൂടി ചെലവഴിച്ച് ഷെഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 9.8.23 ൽ നടത്തിയ സ്ഥല പരിശോധനയിൽ ഷെഡുകളിൽ ഹരിത കർമ്മസേന അംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ ചാക്കുകളിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു. ആയതിനോടനുബന്ധിച്ചുള്ള മറ്റ് ഷെഡുകളും പൂട്ടിയിട്ട നിലയിൽ കണ്ടു. വ്യവസായ യൂണിറ്റ് നിർമ്മാണ പ്രവൃത്തി പൂർത്തികരിച്ചതിന്റേയും പ്രവർത്തനം ആരംഭിച്ചതിന്റേയും വിവരം ലഭ്യമാക്കുന്നതുവരെ തൻവർഷം നടത്തിയ 1227322/ – രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിവരങ്ങൾ

അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം.22/2023. Dtd.10.8.23.)

## 1-27 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - S0058/23.

എഗ്രിമെന്റ് നം. - 81/21 -22. Dtd.24.3.22.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

കരാർ കാലയളവ് - 5മാസം.
അടങ്കൽ – 3500000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാർ ഏജൻസി - IRTC, മുണ്ടൂർ, പാലക്കാട്.

Vr.No.42201475.dtd. 24.3.23. 246487/ -

